**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1209** **07-02-2023 - ൽ മറുപടിയ്ക്ക്**

**പ്രവൃത്തി ആരംഭിച്ചതിനു ശേഷമുള്ള സി.ടി.ഇ. ഇടപെടലുകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡ് പ്രവൃത്തി നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചതിനുശേഷം നിർമ്മാണ ഘട്ടത്തിൽ എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തുന്നതിന് സി.ടി.ഇ. (ചീഫ് ടെക്നിക്കൽ എക്സാമിനർ) നിർദ്ദേശം നൽകുന്ന പതിവുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡ് പ്രവൃത്തിക്കായി നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചതിനുശേഷം നിർമ്മാണ ഘട്ടത്തിൽ എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തുന്നതിന് സാധാരണ ഗതിയിൽ സി.ടി.ഇ നിർദ്ദേശം നൽകാറില്ല. എന്നാൽ പ്രവൃത്തി നിർവ്വഹണ സമയത്ത് സൈറ്റിലെ ആവശ്യങ്ങൾക്ക് അനുസൃതമായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വരുന്ന വേളയിൽ അംഗീകൃത എസ്റ്റിമേറ്റിൽ നിന്നും വലിയ വ്യത്യാസം ഉണ്ടാകുന്ന പക്ഷം ആയവ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് നൽകാറുണ്ട്. ഇത്തരം സാഹചര്യത്തിൽ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശം ഉണ്ടാകാറുണ്ട്. |
| (ബി) | ഷെഡ്യൂൾ നിരക്കിൽ വരുന്ന വ്യതിയാനം മൂലം നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പിൻമാറുന്ന സാഹചര്യം ഉണ്ടാകാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഷെഡ്യൂൾ നിരക്കിൽ വരുന്ന വ്യതിയാനം മൂലം നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ പിൻമാറുന്ന ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ, സ്റ്റാൻഡേർഡ് ബിഡിംഗ് ഡോക്യുമെന്റ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുന:ക്രമീകരിക്കുകയാണ് ചെയ്യുന്നത്. |
| (സി) | ഇത്തരം സാഹചര്യങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഷെഡ്യൂൾ നിരക്കിൽ വരുന്ന വ്യതിയാനം മൂലം നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ പിൻമാറുന്ന ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ, സ്റ്റാൻഡേർഡ് ബിഡിംഗ് ഡോക്യുമെന്റ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുന:ക്രമീകരിക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ